**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**<u>പോലീസ് ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം</u>**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*306** — **12/12/2018-ൽ മറുപടിക്ക്**

**<u>ചോദ്യം</u>**

**ശ്രീ.പി.കെ. ശശി**
**,, എം. സ്വരാജ്**
**,, വി. കെ. സി. മമ്മത് കോയ**
**,, എം. രാജഗോപാലൻ**

**<u>മറുപടി</u>**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് ചില ശക്തികൾ വിദ്വേഷ പ്രചാരണം ശക്തിപ്പെടുത്തിയിരിക്കുന്നതിനാൽ ഇത്തരക്കാരെ കർശനമായി അമർച്ച ചെയ്യാൻ പോലീസ് സേനയുടെ ശാക്തീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടി അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് വിദ്വേഷ പ്രചാരണം നടത്തുന്നതും, നടത്താൻ സാധ്യതയുള്ളതുമായ വ്യക്തികളുടെയും, വർഗ്ഗീയ സംഘടനകളുടേയും പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ പോലീസ് നിരീക്ഷിച്ചു വരുന്നു. ഇത്തരത്തിൽ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ സമൂഹത്തിൽ അന്ത:ച്ഛിദ്രം ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കെതിരെ നിലവിലെ നിയമം അനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്ത്, കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുകയും, വിദ്വേഷ പ്രചാരണം നടത്തുകയും ചെയ്യുന്ന സാമൂഹ്യവിരുദ്ധ ശക്തികളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ടി വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ കേന്ദ്ര ഇന്റലിജൻസ് |

ബ്യൂറോയുടെ സഹായത്തോടെ നടത്തുന്നുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലൂടെ സാമൂഹ്യ വിദ്വേഷ പ്രചാരണം നടത്തുന്നവർക്കെതിരെ പോലീസ്, ജില്ലാ സൈബർ സെല്ലുകൾ, സൈബർഡോം, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നിവ മുഖേന നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലെ വർഗ്ഗീയ/ വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതിന്റെ ഭാഗമായി പോലീസ് സേനയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർക്ക് സൈബർ സുരക്ഷയെക്കുറിച്ച് ആവശ്യമായ ആധുനിക പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടത്തി വരുന്നു. ഇത്തരത്തിൽ നവമാധ്യമങ്ങൾ വഴിയുള്ള വർഗ്ഗീയ/ വിദ്വേഷ പ്രചാരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും കൊച്ചി നഗരത്തിൽ ആരംഭിക്കുവാൻ പോകുന്ന സൈബർഡോമിൽ Open Source Intelligence Monitoring System സ്ഥാപിക്കുവാൻ സർക്കാർ 2018-2019-ലെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽപ്പെടുത്തി സ.ഉ. (ആർ.റ്റി) നം. 2240/2018/ആഭ്യന്തരം തീയതി 31/7/2018 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ കോഴിക്കോട് നഗരത്തിൽ ആരംഭിക്കുവാൻ പോകുന്ന സൈബർ ഡോമിൽ Social Media Lab and Internet Monitoring Hardware സ്ഥാപിക്കുന്നതിനായി 2018-19-ലെ സ്റ്റേറ്റ്

| | | | |
|---|---|---|---|
| | | | പ്ലാൻ സ്കീമിൽപ്പെടുത്തി സ.ഉ. (ആർ.റ്റി) നം. 2240/2018/ആഭ്യന്തരം തീയതി 31/7/2018 പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സമൂഹമാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുമോ; | (ബി) | വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് വിദ്വേഷ പ്രചാരണം നടത്തിയതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 60 കേസ്സുകൾ (Social Media -44, writings-2, Speeches-4, others- 10) രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പൊതുസ്ഥലങ്ങളിൽ പോലീസിന്റെ സാന്നിധ്യം വർദ്ധിപ്പിച്ച് ജനങ്ങളിൽ സുരക്ഷിതബോധം വർദ്ധിപ്പിക്കാനും ഗുണ്ടകളെയും മാഫിയ സംഘങ്ങളെയും അമർച്ച ചെയ്യാനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (സി) | പൊതുസ്ഥലങ്ങളിൽ വിവിധ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്ന യൂണിഫോം ധരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പ്രത്യക്ഷ സാന്നിധ്യം കുറ്റകൃത്യങ്ങൾ ഉണ്ടാതാകാതിരിക്കുന്നതിനും ഉണ്ടായാൽ പ്രതിരോധിക്കുന്നതിനും സാധിക്കുന്നു. സുഗമവും നിയന്ത്രിതവുമായ ഗതാഗതം സാധ്യമാക്കുന്നു. ഇതുകൂടാതെ പൊതുവിൽ പൊതുജനങ്ങൾക്ക് അതിയായ സുരക്ഷാബോധം പ്രദാനം ചെയ്യുന്നു. സാങ്കേതിക മുന്നേറ്റം കൊണ്ട് സമ്പന്നമായ ആധുനിക പോലീസിംഗ് കാലഘട്ടത്തിൽ പരമ്പരാഗത അടിസ്ഥാന ഫീൽഡ് പോലീസിംഗ് പ്രവർത്തനങ്ങൾക്ക് ഇപ്പോഴും വലിയ പ്രാധാന്യമുണ്ട്. പൊതുസ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | പോലീസിന്റെ ദൃശ്യത (Visible Policing) മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 22/2018 തീയതി 6/6/2018 പ്രകാരം സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്യുന്നു) |
| (ഡി) | പോലീസിന്റെ നിയന്ത്രണത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തലസ്ഥാന നഗരിയിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് കൺട്രോൾ റൂമിന്റെ ലക്ഷ്യം വിശദമാക്കാമോ? | (ഡി) | കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന Emergency Response Support System (ERSS) എന്ന പദ്ധതിയുടെ ഭാഗമായാണ് ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം സ്ഥാപിക്കുന്നത്. പോലീസ് ആസ്ഥാനത്താണ് പ്രസ്തുത കൺട്രോൾ റൂം സ്ഥാപിക്കുന്നത്. 12/10/2017 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 2673/2017/ആഭ്യന്തരം പ്രകാരം ERSS എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ( പകർപ്പ് അനുബന്ധം 'ബി' ആയി ഉള്ളടക്കം ചെയ്യുന്നു). 23/11/2017 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 3113/2017/ആഭ്യന്തരം പ്രകാരം ERSS പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി C-DAC-നെ ചുമതലപ്പെടുത്തി ( പകർപ്പ് അനുബന്ധം 'സി' ആയി ഉള്ളടക്കം ചെയ്യുന്നു). നിലവിലുള്ള emergency നമ്പരുകളെ (100,101,108,1091 മുതലായവ) ഏകോപിപ്പിച്ച് 112 എന്ന നമ്പർ ആക്കി അത്യാവശ്യ സന്ദർഭങ്ങളിൽ സഹായം എത്തിക്കുന്ന പദ്ധതിയാണിത്. എല്ലാ |

ജില്ലകളിലുള്ള കൺട്രോൾ റൂമുകളെയും പോലീസ് ആസ്ഥാനത്തുള്ള State Emergency Response Centre (SERC) എന്ന ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം നിയന്ത്രിക്കുന്നു. 112 എന്ന് നമ്പരിലേയ്ക്ക് വരുന്ന സഹായ കോളുകൾ SERC അതത് സ്ഥലത്തെ കൺട്രോൾ റൂമുകളിലേയ്ക്ക് അയച്ച് സഹായം ഉറപ്പ വരുത്തുന്നു.

സ്ത്രീ സുരക്ഷ, അപകടങ്ങൾ, വൃദ്ധരുടെ സുരക്ഷ, ഫയർ ഫോഴ്സ്, ആംബുലൻസ് സർവ്വീസ് തുടങ്ങിയവയെല്ലാം ഒറ്റ നമ്പരിൽ ഏകീകരിച്ച് എത്രയും വേഗം അർഹതപ്പെട്ടവർക്ക് സഹായം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പൊതുജനങ്ങൾക്ക് എല്ലാവിധ അവശ്യ സർവ്വീസുകൾ വളരെ പെട്ടെന്ന് ലഭ്യമാക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾ പോലുള്ള സമയങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തനിവാരണം നടത്തുന്നതിനും ക്രമസമാധാനപാലനം സുഗമമാക്കുന്നതിനും ഗതാഗത സുരക്ഷാ നിയമങ്ങൾ പാലിക്കുന്നതിനും നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനും എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് മൂലം സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

- 21 -

'അനുബന്ധം 'A''

12 അനുബന്ധം A

അടിയന്തിരം

C4(a)/57322/2018
പോലീസ് ആസ്ഥാനം
തിരുവനന്തപുരം.
തീയതി:06/06/2018.

എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 22/2018.

വിഷയം – വിസിബിൾ പോലീസിംഗ് – പൊതുജന സുരക്ഷ – കുറ്റകൃത്യങ്ങളുടെ കണ്ടുപിടിത്തവും പ്രതിരോധവും ഉറപ്പുവരുത്തുന്നതിനും, ട്രാഫിക് ക്രമീകരണങ്ങൾക്കും ഫലപ്രദമായ പോലീസ് സംവിധാനം – മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പൊതുസ്ഥലങ്ങളിൽ വിവിധ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്ന യൂണിഫോം ധരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പ്രത്യക്ഷ സാന്നിദ്ധ്യം കുറ്റകൃത്യങ്ങൾ ഉണ്ടാകാതിരിക്കുന്നതും ഉണ്ടായാൽ പ്രതിരോധിക്കുന്നതും ഉറപ്പുവരുത്തുന്നു. സുഗമവും നിയന്ത്രിതവുമായ ഗതാഗതം സാധ്യമാക്കുന്നു. കൂടാതെ പൊതുവിൽ പൊതുജനങ്ങൾക്ക് അതിയായ സുരക്ഷാ ബോധം പ്രദാനം ചെയ്യുന്നു. സാങ്കേതിക മുന്നേറ്റം കൊണ്ട് സമ്പന്നമായ പുതിയ പോലീസിംഗ് കാലഘട്ടത്തിലും, പരമ്പരാഗത അടിസ്ഥാന ഫീൽഡ് പോലിസിംഗ് പ്രവർത്തനങ്ങൾക്ക് (Traditional Basic Field Policing Activities) ഇപ്പോഴും വലിയ പ്രാധാന്യമുണ്ട്. വിസിബിൾ പോലീസിംഗ് മെച്ചപ്പെടുന്നതിനുള്ള മാനദണ്ഡമെന്ന നിലയിൽ ചുവടെ ചേർക്കുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

പരമ്പരാഗത അടിസ്ഥാന ഫീൽഡ് പോലീസിംഗ് പ്രവർത്തനങ്ങളിൽ, പൊതുവിൽ ഉൾപ്പെടുന്നവയാണ്:

A. പട്രോളിംഗ് (പകലും രാത്രിയും)
B. പോയിന്റ് / ട്രാഫിക് ഡ്യൂട്ടി.

പട്രോളിംഗ്

പകൽസമയത്തും രാത്രിയിലും ഉള്ള പോലീസ് പട്രോളിംഗ് പോലീസ് പ്രത്യക്ഷസാന്നിദ്ധ്യം വർദ്ധിപ്പിക്കുകയും പൊതുജനങ്ങൾക്കിടയിൽ ആത്മവിശ്വാസവും സുരക്ഷാബോധവും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. പട്രോളിംഗിൽ കാൽനട പട്രോളിംഗ്, മോട്ടോർ സൈക്കിൾ പട്രോളിംഗ്, LMV (ജീപ്പ്) പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. (സൈക്കിൾ പട്രോളിംഗ് ഒഴിവാക്കുന്നു)

കാൽനട പട്രോളിംഗ് : 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഒരു ഫുട്ട് പട്രോൾ. പൊതുജനങ്ങൾ കൂട്ടത്തോടെ നടന്ന് പോകുന്ന തെരുവുകൾ പ്രത്യേകിച്ച് പട്ടണങ്ങളിലും,

ധാരാളം ജനങ്ങൾ ഒത്തുകൂടുന്ന കമ്പോളങ്ങൾ, മാളുകൾ, മതാനുഷ്ഠാന കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലും കൂടാതെ വളരെയധികം ആളുകൾ സന്നിഹിതരാകുന്ന പൊതുചടങ്ങുകൾ, ഉത്സവങ്ങൾ തുടങ്ങിയ അവസരങ്ങളിലും ആണ് കാൽനട പട്രോളിംഗ് നടത്തുക. ചെറിയ റോഡുകളിലും പട്ടണപ്രദേശങ്ങളിലുമൊഴികെ റൂറൽ പ്രദേശത്തോ, ജനവാസം കുറഞ്ഞ സ്ഥലങ്ങളിലോ, ഹൈവേകളിലോ, അല്ലെങ്കിൽ രാത്രികാല പട്രോളിംഗിനോ ഫൂട്ട് പട്രോൾ വളരെയധികം പ്രയോജനപ്രദമായി കാണുന്നില്ല. പട്ടണ പ്രദേശങ്ങളിൽ രാത്രികാലങ്ങളിലെ ഫൂട്ട് പട്രോളിംഗ് മറ്റ് പട്രോളുകളുടെ പിന്തുണയോടെ മാത്രമേ കാര്യക്ഷമമാകുകയുള്ളൂ. അതിനാൽ ഫൂട്ട് പട്രോൾ പൊതുവിൽ പകൽസമയത്ത് മാത്രമായി പരിമിതപ്പെടുത്തേണ്ടതുണ്ട്. ഫൂട്ട് പട്രോളിംഗിന്റെ സമയക്രമം ഒരു ദിവസം പരമാവധി 3 മുതൽ 4 മണിക്കൂർവരെയാക്കി പരിമിതപ്പെടുത്തേണ്ടതാണ്. ഒരുപക്ഷേ സമയക്രമം വർദ്ധിപ്പിക്കേണ്ടതുണ്ടെങ്കിൽ , അതിന്റെ കാര്യക്ഷമത നിലനിർത്തുവാനായി ആയത് ഷിഫ്റ്റുകളാക്കി ചെയ്യാവുന്നതാണ്. രാത്രികാല ഫൂട്ട് പട്രോളിംഗിന് വലിയ ടോർച്ച്/സേർച്ച് ലൈറ്റ് നിർബന്ധമായും കൈയ്യിൽ കരുതേണ്ടതാണ്.

ബി. മോട്ടോർ സൈക്കിൾ പട്രോളിംഗ്

മോട്ടോർ സൈക്കിൾ പട്രോളിംഗിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഒരു പ്രദേശത്ത് പകൽ സമയത്ത് പട്രോളിംഗ് നടത്തുകയും പെറ്റികേസുകൾ, ചെറിയ യോഗങ്ങൾ , ജാഥകൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിൽ ആദ്യം വിവരം നൽകുന്നതിനും കാര്യക്ഷമമായ വാഹന ഗതാഗതം നിയന്ത്രിക്കുന്നതിനും കഴിയുന്നു. പട്ടണ പ്രദേശങ്ങളിലെ ഇടുങ്ങിയ തെരുവുകളിലും മറ്റും പെട്ടെന്ന് പ്രവേശിക്കുവാനും പോലീസ് സാന്നിദ്ധ്യം നൽകുന്നതിനും ഇവരെ ഉപയോഗിക്കാവുന്നതാണ്, ഏതെങ്കിലും തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങളിൽ ഇടപെടുന്നതിന് 2 പോലീസ് ഉദ്യോഗസ്ഥർഅപര്യാപ്തമായതിനാൽ അവർക്ക് പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ആദ്യ ആൾക്കാരായി പ്രവർത്തിക്കാൻ മാത്രമെ കഴിയൂ.എന്നാൽ ഗതാഗത നിയന്ത്രണ ജോലികൾക്കും പാർക്കുകൾ, മതസ്ഥാപനങ്ങൾ , റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, സ്കൂളുകൾ, ട്രാഫിക്ക് ജംഗ്ഷനുകൾ അതുപോലുള്ള മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോലീസിന്റെ ദൃശ്യത കൂടുതൽ വർദ്ധിപ്പിക്കുവാനും ഹർത്താലുകൾ , ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ നടക്കുമ്പോൾ പട്രോളിംഗ് നടത്തുവാനും ഇവരെ ഫലപ്രദമായി ഉപയോഗിക്കവുന്നതാണ്.

മോട്ടോർ സൈക്കിൾ പട്രോളിംഗ് വിജയകരവും കാര്യക്ഷമവുമാക്കാൻ മറ്റ് പോലീസ് സംവിധാനങ്ങളുടെ പിന്തുണയോടെ മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ റൂറൽ പ്രദേശത്ത് രാത്രികാലങ്ങളിൽ മോട്ടോർ സൈക്കിൾ പട്രോളിംഗ്കാര്യക്ഷമമല്ല എന്തെന്നാൽ 2 പോലീസുകാർ കുറ്റവാളികൾക്കിടയിലോ , റോഡിലെ വാഹനതിരക്കിലോ അപകടത്തിൽപ്പെടുന്നതിനുള്ള സാദ്ധ്യതയുണ്ട്. കൂടാതെ വാഹനങ്ങൾ ഇടിച്ചിട്ട് കടന്നുകളയാനും സാധ്യതയുണ്ട്. നഗരപ്രദേശങ്ങളിൽ മറ്റ് പോലീസ് സംവിധാനങ്ങളുടെ

സഹായത്തോടെ രാത്രിയും പകലും മോട്ടോർ പട്രോളിംഗ് നടത്തുവാൻ കഴിയും. എന്നാൽ റൂറൽ പ്രദേശങ്ങളിൽ രാത്രികാലങ്ങൾ ഒഴിവാക്കി പകൽ സമയത്തുമാത്രം പട്രോളിംഗ് നടത്താവുന്നതാണ്. 4 മുതൽ 6 - മണിക്കൂർവരെയുള്ള ദൈർഘ്യത്തിൽ മോട്ടോർ സൈക്കിൾ പട്രോളിംഗ് നടത്താവുന്നതാണ്. കൂടുതൽ സമയത്തേക്ക് പട്രോൾ ആവശ്യമാണെങ്കിൽ ആവശ്യമായ സമയത്തേക്ക് ഷിഫ്റ്റുകളായി മോട്ടോർ സൈക്കിൾ പട്രോളിംഗ് ഡ്യൂട്ടി ക്രമീകരിക്കാവുന്നതാണ്. മോട്ടോർ സൈക്കിൾ പട്രോളിംഗ് ഡ്യൂട്ടി നോക്കുന്നവർ കൈയിൽ കരുതാവുന്ന VHF സെറ്റുകളും ടോർച്ചും കരുതേണ്ടതും , പ്രത്യേക ആവശ്യങ്ങൾ വരുന്ന സാഹചര്യങ്ങളിൽ SHO യുടെ അനുമതിയോടെ തോക്ക് കൈവശം വയ്ക്കാവുന്നതുമാണ്

സി) <u>LMV (Jeep) പട്രോളിംഗ്</u>

ജീപ്പ് പട്രോൾ എന്ന് സാധാരണയായി അറിയപ്പെടുന്ന പോലീസ് പട്രോളിംഗ് ഗൌരവസ്വഭാവമുള്ള പ്രശ്നങ്ങളിൽ ഇടപെടുന്നതുൾപ്പടെ ഏത് തരത്തിൽപ്പെട്ട ജോലികളും ചെയ്യുന്നതിന് ഏറ്റവും സുരക്ഷിതവുമായ പട്രോളിംഗ് രീതിയാണ്. ഒരു ജീപ്പ് പട്രോളിൽ., പകൽ സമയങ്ങളിൽ കുറഞ്ഞത് 1 ഡ്രൈവർ, 1 ഓഫീസർ, ഒരു SCPO/CPO/WCPO/HG (ആകെ 3 പേർ)എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. രാത്രികാലങ്ങളിൽ ജീപ്പ് പട്രോളിൽ 1 ഡ്രൈവർ, 1 ഓഫീസർ കൂടാതെ 2 SCPO/CPO/WCPO/HG (ആകെ 4 പേർ) ഉണ്ടായിരിക്കേണ്ടതുമാണ്. പകൽ സമയത്ത് ഈ പട്രോളിംഗിന് മറ്റ് പോലീസ് സ്റ്റേഷനുകൾ പോലീസ് സംവിധാനങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും സഹായം ലഭ്യമാകുമെന്നതിനാൽ 1 ഡ്രൈവർ+ 1 ഓഫീസർ + 1 SCPO/CPO/WCPO/HG എന്നിങ്ങനെ 3 പേർ മതിയാകും.

എന്നാൽ രാത്രി സമയത്ത്, വാഹനസൌകര്യം , ആശയവിനിമയസംവിധാനങ്ങൾ അന്യസംസ്ഥാനത്തുനിന്നുള്ള ആളുകളുടെ സാന്നിദ്ധ്യം എന്നിങ്ങനെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ ചുറ്റുപാടുകളും, കൃത്യനിർവഹണത്തിലുള്ള പോലിസുദ്യോഗസ്ഥർക്കുമേൽ ക്രിമിനൽ ശക്തികൾ ആക്രമണം നടത്തുന്ന സാഹചര്യങ്ങളും രാത്രികാല പട്രോളിംഗിലെ അപകടസാധ്യത വർദ്ധിപ്പിക്കുന്നു. അതിനാൽ രാത്രികാല പട്രോൾ സംഘത്തെ ചുവടെ ചേർക്കുംവിധം ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും.

1. 1 ഡ്രൈവർ, 1 ഓഫീസർ, 2 SCPO/CPO/WCPO/HG (അങ്ങനെ ആകെ 4 പേർ). (ഒരു പ്രദേശത്തെ പ്രത്യേക പരിതസ്ഥിതിക്കനുസൃതമായി കുറഞ്ഞ അംഗബലത്തിൽ വർദ്ധനവ് വരുത്താവുന്നതാണ്).
2. പട്രോൾ സംഘം, പ്രത്യേകിച്ച് ഡ്രൈവർ ഊർജസ്വലരായിരിക്കേണ്ടതും രാത്രി 9 മണിക്കുതന്നെ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
3. കൈവിലങ്ങുകൾ, ടോർച്ചുകൾ മറ്റ് ദേഹ സംരക്ഷണ സംവിധാനങ്ങൾ, പ്രാഥമിക വൈദ്യ സഹായ കിറ്റ്, റിഫ്ളക്റ്റീവ് ജാക്കറ്റുകൾ എന്നിവ കൈവശം കരുതേണ്ടതാണ്.

4. വാഹനത്തിൽ ഒരു വയർലെസ് സെറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
5. സന്ദർഭത്തിനനുസരിച്ച് SHO യുടെ അനുമതിയോടെ ആവശ്യമെങ്കിൽ തോക്കുകളും കരുതാവുന്നതാണ്.

ജീപ്പ് പട്രോളിലെ ഡ്യൂട്ടി പരമാവധി 8 മണിക്കൂറാണ്. ആയത് തുടരേണ്ടതുണ്ടെങ്കിൽ പുതിയ ടീമിനെ റൊട്ടേഷൻ ക്രമത്തിൽ ഷിഫ്റ്റുകളാക്കി നിയോഗിക്കാവുന്നതാണ്.

A) എല്ലാ ജീപ്പ് പട്രോളുകളും, ആ പ്രദേശത്തെ സാമൂഹ്യവിരുദ്ധർ , കുറ്റവാളികൾ, KAAPA റിലീസായവർ, മുൻ കുറ്റവാളികൾ എന്നിവരുടെ ഒരു സ്ഥിര ലിസ്റ്റ് കൈയിൽ കരുതേണ്ടതാണ്.

B) ആ പ്രദേശത്തെ പ്രശ്നബാധിതമാകാനിടയുള്ള സ്ഥലങ്ങളുടെയും സ്ഥാപനങ്ങളുടേയും പട്ടികയും സൂക്ഷിക്കേണ്ടതാണ്.

C) തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിനായി ലോക്കൽ പോലീസിന് ആവശ്യമായ മറ്റ് വസ്തുക്കളോ ലിസ്റ്റുകളോ കരുതാവുന്നതാണ്.

NB:- പോലീസ് സ്റ്റേഷനുകളിലെ ജീപ്പ് പട്രോളിനു സമാനമായി നഗരങ്ങളിലും പ്രധാന പട്ടണങ്ങളിലും 24 x 7 മണിക്കൂറും സഞ്ചരിക്കുന്ന കൺട്രോൾ റൂം വാഹനങ്ങൾ ഉണ്ട്. എന്നാൽ ഇത്തരം നഗരങ്ങളിലെയോ പട്ടണങ്ങളിലോ ജില്ലാ പോലീസ് മേധാവിമാർ 'ജീപ്പ് പട്രോൾ' കൂടി അയച്ച് പോലീസിന്റെ സാന്നിദ്ധ്യം വർദ്ധിപ്പിക്കേണ്ടതാണ്.

എ. <u>ഗതാഗത നിയന്ത്രണം/ പോയിന്റ് ഡ്യൂട്ടി</u>

- ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗതാഗത നിയന്ത്രണത്തിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് അത്തരം പോയിന്റുകളിൽ ഗതാഗതം എളുപ്പമാക്കുന്നതിനായി മതിയായ പോലീസ് സംഘത്തെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണ്.
- ഓരോ സ്റ്റേഷൻ പരിധിയിലെയും പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത്/മുൻഭാഗത്ത് തിരക്കേറിയ സമയങ്ങളിൽ അതായത് പകൽ 8.00 മണിമുതൽ 10 മണിവരെയും, വൈകുന്നേരം 3.30 മണി മുതൽ 4.30 മണി വരെയും ഗതാഗത നിയന്ത്രണ ജോലികൾക്കായി പോലീസ് ഉദ്യോഗസ്ഥരെ പരമാവധി നിയോഗിക്കേണ്ടതാണ്.
- ഓരോ സ്ഥലത്തെയും, പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ഹൈവേ പട്രോൾ, കൺട്രോൾ റൂം വെഹിക്കിൾ അല്ലെങ്കിൽ സ്റ്റേഷനിലെ മൊബൈൽ പട്രോൾ എന്നിവയെ തിരക്കേറിയ സമയത്ത് ഇതിനായി ഉപയോഗിക്കാവുന്നതാണ്.
- നഗരങ്ങളിലും പട്ടണങ്ങളിലും ആകെ സ്ഥലത്തെ 2 വ്യത്യസ്ത ഗതാഗത മേഖലകളായി വിഭജിച്ച്, രാവിലെ 8 AM മുതൽ വൈകുന്നേരം 9.00 PM വരെ മതിയായ അംഗബലമുള്ള മൊബൈൽ പട്രോൾ, ബൈക്ക് പട്രോൾ എന്നിവയെ

ടേൺ അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണ്. ട്രാഫിക് പോലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, ഏ.ആർ. ക്യാമ്പ് ഓഫിസുകൾ എന്നിവിടങ്ങളിൽ നിന്നും ഇതിനാവശ്യമായ പോലീസുകാരെ ആവശ്യാനുസരണം നിയോഗിക്കേണ്ടതാണ്.

<u>അംഗീകൃത നടപടിക്രമങ്ങൾ (SOP)</u>

പരമ്പരാഗത അടിസ്ഥന ഫീൽഡ് പോലീസ് പ്രവർത്തനങ്ങളിലെ പ്രധാന ഘടകങ്ങൾ ആണ് രാത്രി പട്രോൾ, പകൽ പട്രോൾ കൂടാതെ പോയിന്റ്/ട്രാഫിക് ഡ്യൂട്ടി എന്നിവ. രാത്രി പട്രോൾ, പകൽ പട്രോൾ, പോയിന്റ്/ട്രാഫിക് ഡ്യൂട്ടികൾ എല്ലാം തന്നെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചെയ്തുവരുന്നുണ്ടെങ്കിലും, ഈ പ്രവർത്തനങ്ങൾ അർഹിക്കുന്ന ഗൌരവം നൽകി ഒരു പ്രൊഫഷണൽ രീതിയിലല്ല ചെയ്തുവരുന്നത്. മറിച്ച് ഒരു ദൈനംദിന കർത്തവ്യമെന്ന നിലയിലാണ് അനുഷ്ഠിച്ചു വരുന്നത് ആയതിന്റെ യഥാർത്ഥ ഉദ്ദേശ്യവും കാര്യക്ഷമതയും കുറയ്ക്കുന്നതിന് കാരണമാകുന്നു. പട്രോളിംഗിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, ഓരോ പ്രവർത്തനത്തിന്റെയും, അതായത് പകൽ/രാത്രി പട്രോളിംഗ്, പോയിന്റ്/ട്രാഫിക് ഡ്യൂട്ടികൾ എന്നിവയുടെ സമയക്രമം മാതൃക എന്നിവ വ്യക്തമാക്കുന്ന അംഗീകൃത നടപടിക്രമങ്ങൾ അനുവർത്തിക്കേണ്ടതുണ്ട്.

(a) <u>പകൽ പട്രോൾ</u>

എല്ലാ SHO മാരും അതാത് പോലീസ് സ്റ്റേഷൻ പരിധിയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാളുകൾ, നഗരത്തിൽ ആൾക്കാർ കൂടുന്ന മറ്റ് സ്ഥലങ്ങൾ, നഗര/ ഗ്രാമ പ്രദേശങ്ങളിലെ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പകൽ സമയത്ത് ഷിഫ്റ്റ് അടിസ്ഥാനത്തിൽ പട്രോൾ സംഘത്തെ നിയോഗിക്കേണ്ടതാണ്. മിക്കവാറും എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ രണ്ടിലധികം മോട്ടോർ സൈക്കിളുകളും 2 SUV/MUV കളും ഉണ്ട്. ഇവ ആവശ്യത്തിനനുസരിച്ച് യഥേഷ്ടം ഉപയോഗപ്പെടുത്താവുന്നതാണ്.

- ഒരു ജീപ്പ് പട്രോൾ, പ്രധാനമായും 2-ാമത്തെ വാഹനം, 8 AM മുതൽ 8 PM വരെ ആ സ്റ്റേഷൻ പരിധിയിലെ പട്രോൾ ഡ്യൂട്ടിക്കായി പ്രത്യേകം മാറ്റിവയ്ക്കേണ്ടതാണ്.
- ഡ്യൂട്ടിയിലുള്ള ഓരോ ജീപ്പ് പട്രോൾ സംഘത്തിലും 1+1+1 (1 ഓഫീസർ + 1 ഡ്രൈവർ & 1 SCPO/CPO/WCPO/HG) എന്ന ക്രമത്തിൽ അംഗസംഖ്യ ഉണ്ടാകേണ്ടതും കൈവിലങ്ങുകൾ, ടോർച്ചുകൾ, ദേഹ രക്ഷാ ഉപായങ്ങൾ, ഫസ്റ്റ് എയ്ഡ് കിറ്റുകൾ,റിഫ്ളക്ടീവ് ജാക്കറ്റുകൾ തുടങ്ങിയ അവശ്യ സാധനങ്ങൾ സജ്ജമാക്കേണ്ടതുമാണ്.

- ലഭ്യതയ്ക്കനുസരിച്ച് പോലീസ് ഉദ്യോഗസ്ഥരെ 2 ഷിഫ്റ്റുകളിലായി നിയോഗിക്കാവുന്നതാണ്. അതായത് 8 AM മുതൽ 2 PM വരേയും 2 PM മുതൽ 8 PM വരെയും. ഈ പോലീസ് ഉദ്യോഗസ്ഥരെ അവരുടെ പട്രോൾ ടേണിനു ശേഷം മറ്റ് സ്റ്റേഷൻ ജോലികൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. അവരെ ലഘു ഇടവേളകൾ നൽകിക്കൊണ്ട് 8 AM മുതൽ 8 PM വരെയുള്ള ഒറ്റ ഷിഫ്റ്റിലും നിയോഗിക്കാവുന്നതാണ്. ഇപ്രകാരമുള്ള സമ്പ്രദായത്തിൽ, പോലീസ് ഉദ്യോഗസ്ഥർക്ക് നിർബന്ധിത നൈറ്റ് റെസ്റ്റ് നൽകേണ്ടതാണ്.
- 8 AM മുതൽ 11 AM വരെയും 4 PM മുതൽ 9 PM വരെയുള്ള തിരക്കേറിയ മണിക്കൂറുകളിൽ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ മറ്റ് ജനത്തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാകണം പട്രോളിംഗ് നടത്തേണ്ടത്. ഇത് വഴി വിസിബിൾ പോലീസിംഗ് ഉറപ്പുവരുത്തുന്നതിനും ജാഥകൾ, പ്രകടനങ്ങൾ എന്നിവ കൂടി നിരീക്ഷിക്കുന്നതിനും സാധിക്കുന്നു.
- പകൽ സമയം തിരക്ക് കുറഞ്ഞ 11 AM മുതൽ 4 PM വരെയുള്ള മണിക്കൂറുകളിലും ഉൾപ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമായ രീതിയിൽ നടത്തേണ്ടതും ഓരോ സ്ഥലത്തെയും നിശ്ചിത വാഹന പരിശോധന പോയിന്റുകളിൽ വാഹന പരിശോധന നടത്തേണ്ടതുമാണ്.

(ബി) <u>പിങ്ക് പട്രോൾ:</u>

പൊതുസ്ഥലങ്ങളിൽ, സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി കേരളാ പോലീസ് ആവിഷ്കരിച്ചിട്ടുള്ള നൂതന സംരംഭമായ പിങ്ക് പോലീസ് പട്രോൾ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും നടപ്പിലാക്കുന്നതാണ്. എല്ലാ പിങ്ക് പട്രോളുകളുടെയും പ്രവർത്തന മേഖലകളും, സമയക്രമവും ക്രമീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച്, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- സ്ത്രീകൾക്കെതിരെയുള്ള പൂവാല ശല്യം, പീഢനം തുടങ്ങിയ ഭീഷണികൾ പൂർണമായും അവസാനിപ്പിക്കുക, ശാരീരികമായി അവശതകൾ അനുഭവിക്കുന്ന സ്ത്രീകളും കുട്ടികളുമായ യാത്രക്കാരെ സുഗമവും സുരക്ഷിതവുമായി ലക്ഷ്യ സ്ഥാനങ്ങളിലെത്താൻ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് പിങ്ക് പട്രോൾ പ്രധാനമായും ഊന്നൽ നൽകേണ്ടത്.
- ഓരോ പിങ്ക് പട്രോൾ ടീമിലും 1 വനിത എസ്. ഐ + 1 വനിത ഡ്രൈവർ, CPO + 2 വനിത CPO മാർ എന്നിങ്ങനെ അംഗബലം ഉണ്ടാകേണ്ടതാണ്.

കൂടാതെ വാഹനത്തിൽ GPS സംവിധാനം സ്ഥാപിച്ചിട്ടുണ്ടാകണം. വിദഗ്ധ പരിശീലനം സിദ്ധിച്ച പ്രവർത്തന നൈപുണ്യം ഉള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെ മാത്രമെ ഇതിലേക്ക് നിയമിക്കുവാൻ പാടുള്ളൂ.

- പിങ്ക് പട്രോളിന്റെ സമയക്രമം 8 AM മുതൽ 8 PM വരെയാണ്. സന്ദർഭത്തിനനുസരിച്ച് ജില്ലാ പോലീസ് മേധാവിയ്ക്ക് സമയദൈർഘ്യം താൽക്കാലികമായി വർദ്ധിപ്പിക്കാവുന്നതാണ്.

- രാവിലെ 08.00 മണി മുതൽ 10.30 വരെയും വൈകുന്നേരം 3.00 നും 6.00 നും ഇടക്കുള്ള സമയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരപ്രദേശങ്ങൾ, ബസ് സ്റ്റോപ്പുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുവേണം പിങ്ക് പോലീസ് പട്രോൾ നടത്തേണ്ടത്.
- പിങ്ക് പട്രോൾ രാവിലെ 10.30 മുതൽ വൈകുന്നേരം 3.00 മണി വരെ നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങൾ, ഉൾപ്രദേശത്തെ റോഡുകൾ, മ്യൂസിയം, പാർക്ക്, മാളുകൾ തുടങ്ങിയവയുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ പട്രോൾ നടത്തേണ്ടതാണ്.
- വൈകുന്നേരം 6.PM മുതൽ 08. PM വരെ നഗരത്തിലെ വ്യവസായ സ്ഥാപനങ്ങൾ, കടകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നീ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാകണം പ്രധാനമായും പട്രോൾ നടത്തേണ്ടത്.

(സി) <u>രാത്രികാല പട്രോളിംഗ്</u>

എല്ലാ SHO മാരും ഓരോ പോലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാളുകൾ, ഹൈവേകൾ, ബാറുകൾ, മതാനുഷ്ഠാന കേന്ദ്രങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, വ്യാവസായിക മേഖലകൾ, തട്ടുകടകൾ, സിനിമാതീയറ്ററുകൾ അതുപോലെ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലും ദൈനംദിനാടിസ്ഥാനത്തിൽ രാത്രി പട്രോൾ അയക്കേണ്ടതാണ്. പകൽ പട്രോളിംഗിന് ഉപയോഗിക്കുന്നതുപോലെ തന്നെ സ്റ്റേഷനിൽ ലഭ്യമായ എല്ലാ വാഹനങ്ങളും ഇതിനായി ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

- രാത്രി കാലങ്ങളിൽ ഡ്യൂട്ടിയിലുള്ള ഓരോ മൊബൈൽ പട്രോളും 1+1+2 (1 ഓഫീസർ + 1 ഡ്രൈവർ & 2 SCPO/CPO/WCPO/HG) എന്ന അംഗബലം ഉണ്ടാകേണ്ടതും ആവശ്യമെങ്കിൽ ആയുധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സന്നാഹങ്ങളും സജ്ജമാക്കേണ്ടതുമാണ്.

- പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർ, സബ്ഡിവിഷണൽ ഓഫിസിലെയും ജില്ലാ പോലീസ് ഓഫീസിലെയും ഡ്യൂട്ടിയിലുള്ളവർ എന്നിവരെ ബുദ്ധിപൂർവം ഉപയോഗപ്പെടുത്തി രാത്രി പട്രോളിനാവശ്യമായ അംഗബലം ക്രമീകരിക്കേണ്ടതാണ്.
- സ്റ്റാഫ് ഡ്യൂട്ടിയിലുള്ള എല്ലാ ഉദ്യോഗസ്ഥരും ഒരു മാസം 2 രാത്രി ഡ്യൂട്ടികൾ ചെയ്യേണ്ടതാണ്.
- GD ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരെയും, ആ ദിവസം പോലീസ് സ്റ്റേഷനിൽ പകൽ ഡ്യൂട്ടി ചെയ്തവരെയും നൈറ്റ് പട്രോളിന് ഇടുന്ന സമ്പ്രദായം ഒഴിവാക്കേണ്ടതാണ്.
- അതുപോലെ, രാത്രി പട്രോൾ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് ഡ്യൂട്ടി റെസ്റ്റ്/ലഘു ഡ്യൂട്ടി നൽകേണ്ടതാണ്. ഇതിനായി ചുവടെ ചേർക്കുന്ന 2 മാതൃകകൾ പിന്തുടരാവുന്നതാണ്.

a. രാത്രി പട്രോൾ ഡ്യൂട്ടിക്കായി ഒരു ആഴ്ചത്തേക്ക് തുടർച്ചയായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുക (10 PM മുതൽ 6 AM വരെ) അവർക്ക് പകൽ സമയം റസ്റ്റ് അനുവദിക്കുക.

b. രാത്രി പട്രോൾ ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പകൽ ഉച്ചവരെ കഴിയുന്നതും സ്റ്റേഷനിൽ തന്നെ വിശ്രമം അനുവദിക്കുക. ഇവർക്ക് ഉച്ചയ്ക്ക് ശേഷം ലഘുവായ ഡ്യൂട്ടികൾ നൽകാവുന്നതാണ്.

ഇങ്ങനെയുള്ള അവസരത്തിൽ ചുവടെ ചേർക്കുന്ന സമയക്രമം പ്രയോഗികമായിരിക്കും.

10 PM മുതൽ 6 AM വരെ - രാത്രി പട്രോൾ

6 AM മുതൽ 12 PM വരെ - സ്റ്റേഷനിൽ തന്നെ ഡ്യൂട്ടി റെസ്റ്റ്

01 PM മുതൽ 05 PM വരെ- ഒഫീസിലെ/സ്റ്റേഷനിലെ ദൈനംദിന ഡ്യൂട്ടി.

c. മാതൃക – II

| | | |
|---|---|---|
| 9.00 AM | - | റിപ്പോർട്ടിംഗ് സമയം |
| 2.00 PM വരെ | - | പതിവ് ഡ്യൂട്ടി |
| 2 - 4 PM | - | ഇടവേള |
| 4 - 7 PM | - | പതിവ് ഡ്യൂട്ടി |
| 7 - 10 PM | - | ഇടവേള |
| 10 PM – 6 AM | - | രാത്രി പട്രോൾ |
| 6 AM | - | ഒരു പകൽ ഡ്യൂട്ടിറെസ്റ്റ് |

ആദ്യ രണ്ട് മാതൃകകളിലും, പോലീസുദ്യോഗസ്ഥർ രാത്രി 9 മണിക്ക് തന്നെ സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് രാത്രി 10 മണിയോടെ പട്രോൾ ആരംഭിച്ച് രാവിലെ 6.00 മണിയോടെ അവസാനിക്കുന്നു.

- രാത്രി 10 മണി മുതൽ വെളുപ്പിന് 1.00 മണിവരെ ആൾക്കാരുടെ സാന്നിദ്ധ്യം ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ അതായത് ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, മാളുകൾ, ബാറുകൾ, മതസ്ഥാപനങ്ങൾ, തട്ടുകടകൾ, സിനിമാതീയറ്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പട്രോളിംഗ് നടത്തി പോലീസിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്.
- വെളുപ്പിന് 1.00 മണിമുതൽ 4 മണിവരെ മുഖ്യമായും ആരാധനാസ്ഥലങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, ജനവാസ കേന്ദ്രങ്ങൾ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച്, പ്രധാനമായും മോഷണം തടയുക എന്ന ലക്ഷ്യം മുൻനിർത്തിയാകണം രാത്രി പട്രോളിംഗ് നടത്തേണ്ടത്. കൂടാതെ പട്ടബുക്കുകൾ ഒപ്പു വയ്ക്കുക, KD, DC മുൻ കുറ്റവാളികൾ എന്നിവരെയും KAAPA പട്ടികയിലുള്ളവരേയും പരിശോധിക്കുക എന്നിവയും പട്രോൾ സംഘത്തിന്റെ കർത്തവ്യമാണ്.
- രാവിലെ 4.00 മണി മുതൽ 6.00 മണിവരെ ഓരോ പ്രദേശത്തേയും അതിർത്തി പ്രദേശങ്ങളിൽ വാഹന പരിശോധന നടത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇതിന് വെളിച്ച സംവിധാനങ്ങൾ ഉപയോഗിച്ച് പോലീസിന്റെ ദൃശ്യത ഉറപ്പുവരുത്തുകയും അതുവഴി നിരോധിതവസ്തുക്കളുടെ നിയമവിധേയമല്ലാത്ത കടത്തിക്കൊണ്ടുപോകൽ കണ്ടുപിടിക്കുന്നതിനും ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ പരിശോധനയെ തുടർന്നുള്ള സാമൂഹ്യ വിരുദ്ധ ശക്തികളുടേയും കുറ്റവാളികളുടേയും നീക്കങ്ങൾ തടയുന്നതിനും സാധിക്കുന്നു.
- വാഹന പരിശോധന പോയിന്റ് നേരത്തെ തന്നെ തെരഞ്ഞെടുത്ത് ആസൂത്രണം ചെയ്ത് ജില്ലാപോലീസ് മേധാവിയുടെ അംഗീകാരം നേടേണ്ടതാണ്. വാഹനപരിശോധന നടത്തുന്ന രാത്രിപട്രോൾ സംഘം വയർലസ് മുഖേന ഏത് പോയിന്റിലാണ് തങ്ങൾ ഉള്ളതെന്നും പരിശോധനയുടെ ഉദ്ദേശ്യമെന്തെന്നും കൺട്രോൾ റൂമിൽ അറിയിക്കേണ്ടതാണ്.
- രാത്രി പട്രോൾ ഡ്യൂട്ടിയിലുള്ള ഓഫീസർമാർ (എസ്.ഐ/എസ്.എച്ച്.ഒ/ഡി.വൈ.എസ്.പി/രാത്രി പട്രോളിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ) ജില്ലാകൺട്രോൾ റൂമിൽ ഓരോ മണിക്കൂർ നിശ്ചിത ഇടവേളയിൽ , VHF മുഖേന തങ്ങളുടെ സ്ഥാനം അറിയിക്കേണ്ടതാണ്.
- District Police Command Control Centre-കൾ (മുൻപ് ജില്ലാ കൺട്രോൾ റൂം എന്നറിയപ്പെട്ടിരുന്നു) രാത്രി പരിശോധനകളുടെ വിശദവിവരങ്ങൾ ശേഖരിച്ച്

ആയത് എല്ലാ ദിവസവും രാവിലെ 8.00 മണിക്ക മുൻപായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് ലഭ്യമാക്കേണ്ടതാണ്.

- ഓരോ ജില്ലയിലും രാത്രി പട്രോളിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ (DYSP/AC/ACP) ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയെ അന്നേ ദിവസം രാത്രി 9.00 മണിക്ക് മുമ്പായി ഫോൺ ചെയ്ത് എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്.
- രാത്രി പട്രോളിംഗിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, പോലീസ് സ്റ്റേഷനുകൾ, പട്രോളുകൾ, പട്ടബുക്കുകൾ, വാഹന പരിശോധന പോയിന്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തേണ്ടതും, ആയതിന്റെ തീയതിയും സ്ഥാനവും രേഖപ്പെടുത്തേണ്ടതുമാണ്.
- ദിവസേനയുള്ള Zatta യിൽ, ദൈനംദിന വിഷയങ്ങളോടൊപ്പം രാത്രി പട്രോളിംഗിന്റെ വിവരങ്ങൾ കൂടി ജില്ലാ പോലീസ് മേധാവിമാർ പരിശോധിക്കേണ്ടതാണ്.
- ജില്ലാ പോലീസ് മേധാവിയോടൊപ്പം 24 x 7 മണിക്കൂറും ലഭ്യമായിട്ടുള്ള സ്ട്രൈക്കിംഗ് ഫോഴ്സിനെ (25 – 30 പേർ വരെ) രണ്ടായോ, മൊത്തമായോ വിഭജിച്ച് സബ്ഡിവിഷണൽ സൂപ്പർ വൈസിംഗ് ഓഫീസർക്കോ (ഇൻസ്പെക്ടർ), രാത്രി പട്രോളിംഗ് ചുമതലയുള്ള DYSP ക്കോ നിർദ്ദിഷ്ട കോംബിംഗ് പ്രവർത്തനങ്ങൾക്കായി നൽകാവുന്നതാണ്. അംഗസംഖ്യ 10 ൽ കുറയുന്ന രീതിയിൽ വിഭജിക്കുവാൻ പാടുള്ളതല്ല.
- കോംബിംഗ് പ്രവർത്തനങ്ങളുടെ ഫലവും, നൈറ്റ് പട്രോളിംഗ് റിപ്പോർട്ടിനോടൊപ്പം രാവിലെ 8.00 മണിക്ക മുമ്പായി ജില്ലാ പോലീസ് മേധാവിയെ അറിയിക്കേണ്ടതാണ്.

<u>സി. രാത്രികാല, പകൽ പട്രോളിംഗിനുള്ള പൊതു നിർദ്ദേശങ്ങൾ</u>

- ഓരോ പ്രദേശത്തേയും മോശം വ്യക്തിത്വങ്ങളുടെയും (KD, DC, മുൻ കുറ്റവാളികൾ) KAAPA പ്രകാരം തടങ്കലിലാക്കപ്പെട്ടിട്ടുള്ളവരുടേയും വിശദവിവരങ്ങൾ രാത്രി/പകൽ പട്രോളിംഗ് പാർട്ടിയുടെ കൈവശം ലഭ്യമാക്കിയിരിക്കേണ്ടതാണ്. പട്രോളിംഗ് സമയത്ത് അത്തരം വ്യക്തികളെ തിരിച്ചറിയുന്നതിന് ഇത് സഹായകമാകുകയും ചെയ്യും. ഇത്തരം പരിശോധനകളുടെ വിശദാംശങ്ങൾ ഒരു വാഹന GD സൂക്ഷിച്ച് ആയതിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- വാഹന പരിശോധന നടത്തുന്ന സമയം, വാഹനത്തിന്റെയും ഡ്രൈവർമാരുടേയും വിവരങ്ങൾ മൊബൈൽ നമ്പർ ഉൾപ്പെടെ ശേഖരിച്ച് ആയതിലേക്കുള്ള റിപ്പോർട്ട് ബന്ധപ്പെട്ട പോലീസ് കൺട്രോൾ റൂമിൽ സമർപ്പിക്കേണ്ടതും ആയത് താമസംവിനാ ബന്ധപ്പെട്ട ജില്ലാപോലീസ് മേധാവിക്ക് കൈമാറേണ്ടതുമാണ്. നാം നടപ്പാക്കനുദ്ദേശിക്കുന്ന Touch less

കൂടാതെ വാഹനത്തിൽ GPS സംവിധാനം സ്ഥാപിച്ചിട്ടുണ്ടാകണം. വിദഗ്ധ പരിശീലനം സിദ്ധിച്ച പ്രവർത്തന നൈപുണ്യം ഉള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെ മാത്രമെ ഇതിലേക്ക് നിയമിക്കവാൻ പാടുള്ളൂ.

- പിങ്ക് പട്രോളിന്റെ സമയക്രമം 8 AM മുതൽ 8 PM വരെയാണ്. സന്ദർഭത്തിനനുസരിച്ച് ജില്ലാ പോലീസ് മേധാവിയ്ക്ക് സമയദൈർഘ്യം താൽക്കാലികമായി വർദ്ധിപ്പക്കാവുന്നതാണ്.
- രാവിലെ 08.00 മണി മുതൽ 10.30 വരെയും വൈകുന്നേരം 3.00 നും 6.00 നും ഇടക്കുള്ള സമയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരപ്രദേശങ്ങൾ, ബസ് സ്റ്റോപ്പുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുവേണം പിങ്ക് പോലീസ് പട്രോൾ നടത്തേണ്ടത്.
- പിങ്ക് പട്രോൾ രാവിലെ 10.30 മുതൽ വൈകുന്നേരം 3.00 മണി വരെ നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങൾ, ഉൾപ്രദേശത്തെ റോഡുകൾ, മ്യൂസിയം, പാർക്ക്, മാളുകൾ തുടങ്ങിയവയുടെ പരിസരങ്ങൾ എന്നിവിടങ്ങളിൽ പട്രോൾ നടത്തേണ്ടതാണ്.
- വൈകുന്നേരം 6.PM മുതൽ 08. PM വരെ നഗരത്തിലെ വ്യവസായ സ്ഥാപനങ്ങൾ, കടകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നീ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാകണം പ്രധാനമായും പട്രോൾ നടത്തേണ്ടത്.

(സി) <u>രാത്രികാല പട്രോളിംഗ്</u>

എല്ലാ SHO മാരും ഓരോ പോലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാളുകൾ, ഹൈവേകൾ, ബാറുകൾ, മതാനുഷ്ഠാന കേന്ദ്രങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, വ്യാവസായിക മേഖലകൾ, തട്ടുകടകൾ, സിനിമാതീയറ്ററുകൾ അതുപോലെ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലും ദൈനംദിനാടിസ്ഥാനത്തിൽ രാത്രി പട്രോൾ അയക്കേണ്ടതാണ്. പകൽ പട്രോളിംഗിന് ഉപയോഗിക്കുന്നതുപോലെ തന്നെ സ്റ്റേഷനിൽ ലഭ്യമായ എല്ലാ വാഹനങ്ങളും ഇതിനായി ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

- രാത്രി കാലങ്ങളിൽ ഡ്യൂട്ടിയിലുള്ള ഓരോ മൊബൈൽ പട്രോളും 1+1+2 (1 ഓഫീസർ + 1 ഡ്രൈവർ & 2 SCPO/CPO/WCPO/HG) എന്ന അംഗബലം ഉണ്ടാകേണ്ടതും ആവശ്യമെങ്കിൽ ആയുധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സന്നാഹങ്ങളും സജ്ജമാക്കേണ്ടതുമാണ്.

Traffic Enforcement System നടപ്പിലാക്കമ്പോൾ ഈ സമ്പ്രദായം അവസാനിപ്പിക്കാവുന്നതാണ്.

- സബ്ഡിവിഷൻ, ജില്ലാതലങ്ങളിൽ ഈ പട്രോളിംഗ് സംവിധാനത്തിന് ഒരു പരിശോധനാ രീതി ഉണ്ടാകേണ്ടതാണ്. ഓരോ മൊബൈൽ പട്രോളിന്റെയും സ്ഥാനം കൺട്രോൾ റൂമിൽനിന്നും പകൽ 2 മണിക്കൂർ കൂടുമ്പോഴും രാത്രി ഓരോ മണിക്കൂർ കൂടുമ്പോഴും VHF വഴി പരിശോധിക്കാവുന്നതാണ്. ജില്ലാ തലത്തിൽ ACP/സ്പെഷ്യൽ ബ്രാഞ്ച് DYSP മാർ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഇതിനായി വാഹനങ്ങളിലെ GPS സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.
- പകൽ/രാത്രി/പിങ്ക് പട്രോൾ രംഗത്ത് ഡ്യൂട്ടി ചെയ്യുന്ന വാഹനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ ശേഖരിച്ച് പേര്, സ്ഥാനം, മൊബൈൽ നമ്പർ, വാഹന വിവരങ്ങൾ എന്നിവ ഒരു ഫോർമാറ്റിൽ ആക്കി പകൽ പട്രോളിന്റേതും പിങ്ക് പട്രോളിന്റേതും പകൽ 08 മണിയോടുകൂടിയും, രാത്രി പട്രോളിംഗിന്റേത് രാത്രി 09 മണിയോടെയും ജില്ലാ കൺട്രോൾ റൂമിനും അവിടെനിന്നും ജില്ലാ പോലീസ് മേധാവിക്കും റേഞ്ച് കൺട്രോൾ റൂമിനും അയക്കേണ്ടതാണ്.

എല്ലാ ജില്ലാ പോലീസ് മേധാവിമാരും തങ്ങളുടെ ജില്ലകളിൽ പോലീസിന്റെ പ്രത്യക്ഷ സാന്നിദ്ധ്യം (വിസിബിൾ പോലീസിംഗ്) ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി ഫീൽഡ്തല ഉദ്യോഗസ്ഥരുടെ പ്രകടനം തുടർച്ചയായി നിരീക്ഷിക്കേണ്ടതും, ഇക്കാര്യത്തിൽ അവരുടെ വ്യക്തിഗത ഇടപെടലുകൾ ഉറപ്പുവരുത്തേണ്ടതുമാണ്. പോലീസ് സ്റ്റേഷനുകളിലെ സി.പി.ഒ തലം വരെയുള്ള എല്ലാ ഉദ്യോഗസ്ഥരും ഈ എക്സിക്യൂട്ടീവ് ഡയറക്ടീവിന്റെ ഉള്ളടക്കം മനസ്സിലാക്കിയിരിക്കേണ്ടതാണ്. പോലീസ് ആസ്ഥാനം എ.ഡി.ജി.പി താഴെ തട്ടിലുള്ള ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഈ ഉത്തരവിന്റെ വ്യാപനം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

Sd/-, 6/6/2018
സംസ്ഥാന പോലീസ് മേധാവിക്കു വേണ്ടി.

പകർപ്പ് : ലിസ്റ്റ് ഡി യിലെ എല്ലാ ഉദ്യോഗസ്ഥർമാർക്കും (എസ്സ്.എച്ച്.ഒ തലം വരെ)
" : പി.എച്ച്.ക്യൂവിലെ എല്ലാ ഓഫീസർമാർക്കും
" : സംസ്ഥാന പോലീസ് മേധാവിയുടെ സി.എ യ്ക്ക്
" : സിസ്റ്റം അനലിസ്റ്റ്, പി.ഐ.സി, പി.എച്ച്.ക്യൂ

Section Officer

TH-14465/08-01

GOVERNMENT OF KERALA

Abstract

Home Department – Nationwide Emergency Response System (NERS) – Administrative Sanction accorded – Orders issued.

---

HOME (E) DEPARTMENT

G.O.(Rt)No.2673/2017/Home                Dated, Thiruvananthapuram, 12.10.2017.

---

Read: 1) Letter No. 15011/19/2016-NERS(PM) dated 30/03/2017 from Ministry of Home Affairs.
2) Letter No. 15011/19/2016-NERS(PM) dated 31/03/2017 from Ministry of Home Affairs.
3) Letter No. B1-58285/17-PHQ dated 27/04/2017 from State Police Chief, Kerala.

ORDER

Ministry of Home Affairs, Central Government have sanctioned a sum of Rs.733.27 lakh to Kerala State for the implementation of Nationwide Emergency Response System (NERS) for the financial year 2016-17 vide letters read as 1st and 2nd above. Hence the State Police Chief has requested Government to issue Administrative Sanction to the Scheme and to allot the amount by opening a new Head of Account by way of additional Authorisation or SDG.

Government have examined the matter in detail and to accord Administrative sanction for Rs.733.27 lakh (Seven crore thirty three lakh and twenty seven thousand rupees only) for the implementation of Nationwide Emergency Response System in Kerala.

The State Police Chief shall furnish detailed proposal for opening a new head of account by way of Additional authorization or SDG.

(By order of the Governor)
REMANI MATHEW
JOINT SECRETARY

To

The State Police Chief, Kerala, Thiruvananthapuram.
The Principal Accountant General (Audit/A&E) Kerala, Thiruvananthapuram
The Finance Department (vide UO No.Exp.B2/414[illegible] dated 12.06.2017)
[illegible] I & PRD (to publish in official website).
Stock file / Office copy.

Forwarded By order

Section Officer

Section Officer

GOVERNMENT OF KERALA

**Abstract**

Home Dept-National Emergency Response System (NERS)- Implementation and Operationalisation- Constitution of Apex Committee- Orders issued.

---

**HOME (E) DEPARTMENT**

**G.O.(Rt)No. 3113/2017/Home** **Dated, Thiruvananthapuram. 23.11.2017**

Read :1)Letter No.15011/3/2016-NERS-PM dated17.11.2016 from MHA, GOI
2) Letter No S3-206154/2016 dated 11.10.2017 from State Police Chief
3) Decision in the meeting dated 10.11.2017 chaired by the Chief Secretary

**ORDER**

The Ministry of Home affairs,Govt. of India desires to introduce a Single Emergency Number '112' all over the country in place of all existing emergency numbers Viz.100(Police),101(Fire Force),etc. as a part of NERS . Govt. of India have directed to constitute a Committee for the Scheme to regularly oversee,review,and monitor the establishment and operations of State Emergency Response Centre ( SERC) and ensure effective inter-agency coordination in the implementation of the Scheme in the State to be Chaired by the Chief Secretary Vide letter read Ist paper above.

In the meeting held on 10/11/2017 chaired by Chief secretary to Govt,it was decided to setting up the SERC for implementing the project. Police Department is considered as the nodal agency and C-DAC is the implementing agency of the scheme.

Government are pleased to constitute the Apex Committee to regularly oversee, review, monitor and effective inter-agency coordination in the implementation of the Scheme in the State with following members :

1) Chief Secretary (Chairman)
2) Secretary ,Home and Vigilance Department ( Convenor)
3) Secretary ,Finance Department
4) Secretary ,Revenue and Disaster Management Department
5) Secretary,Health and Family Welfare Department
6) Secretary ,Fisheries Department
7) Secretary ,Ports Department

(Cntd....)

8) Secretary ,Transport Department
9) State Police Chief,Kerala
10)Director General, Fire and Rescue Service.

(By Order of the Governor)
Remani Mathew
Joint Secretary to Government

To
The Ministry of Home Affairs,GOI(with C/L)
The Committee Members.
M/s CDAC,Vellayambalam,Thiruvananthapuram.
The Principal Accountant General (Audit/A&E), Kerala,Thiruvananthapuram
Office Copy/Stock File

Forwarded/By Order

Section officer

Section Officer